**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 726** **17-09-2025-ൽ മറുപടിയ്ക്ക്**

**<u>വൈദ്യുതി പ്രസരണ ലൈൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിൽ നിലവിൽ വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന വൈദ്യുതി ലൈനിന്റെ ആകെ നീളം എത്രയാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** വൈദ്യുത പ്രസരണത്തിനുവേണ്ടി കെ. എസ്. ഇ.ബി. എൽ.-ൽ എല്ലാ വോൾട്ടേജ് ലൈനുകളും കൂടി 12690 സർക്യൂട്ട് കിലോമീറ്റർ നീളം ഉണ്ട്.

**(ബി)** നിലവിൽ വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന അലൂമിനിയം വൈദ്യുതി ലൈനിന്റെ നീളം, എ.ബി.സി കേബിളുകളുടെ നീളം, വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന മറ്റു വസ്തുക്കളുടെ നീളം എന്നിവ എത്രയാണ് എന്ന് പ്രത്യേകം അറിയിക്കാമോ;

**<u>മറുപടി:</u>** നിലവിൽ വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന അലുമിനിയം വൈദ്യുതി ലൈനിന്റെ നീളം 12269 സർക്യൂട്ട് കിലോമീറ്ററും, ഭൂഗർഭ കേബിളുകളുടെ നീളം 421 സർക്യൂട്ട് കിലോമീറ്ററും ആണ്.

**(സി)** വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന നിലവിലെ വൈദ്യുതി ലൈൻ പൂർണ്ണമായും എ.ബി.സി കേബിളുകൾ ആക്കുന്നതിനുള്ള ചെലവ് എത്രയാണ് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ പ്രസരണ ലൈനുകൾക്ക് (33 kV ക്ക് മുകളിൽ) ABC കേബിളുകൾ ഉപയോഗിക്കുന്നില്ല.

**(ഡി)** നിലവിൽ വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന അലൂമിനിയത്തിലുള്ള വൈദ്യുതി കമ്പികളുടെ ഭാരം എത്രയാണ് എന്ന വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന അലുമിനിയം വൈദ്യുതി ലൈനിന്റെ ഭാരം 10490 മെട്രിക് ടണ്ണും, ഭൂഗർഭ കേബിളുകളുടെ ഭാരം 2233 മെട്രിക് ടണ്ണും ആണ്.

**(ഇ)** 2021 മുതൽ നാളിതുവരെ പ്രതിവർഷം വൈദ്യുത കമ്പികളിലേക്ക് വളരുന്ന മരങ്ങളും ചില്ലകളും നീക്കം ചെയ്യുന്നതിന് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2021 മുതൽ നാളിതുവരെ വൈദ്യുത കമ്പികളിലേക്ക് വളരുന്ന മരങ്ങളും ചില്ലകളും നീക്കം ചെയ്യുന്നതിന് കെ. എസ്. ഇ.ബി.എൽ. പ്രസരണ മേഖല 8,90,06,928/-രൂപ ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**